# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 635** — **08.08.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം

| | ചോദ്യം<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.ഷാഫി പറമ്പിൽ:** | | **ഉത്തരം**<br>**ശ്രീ. എം.എം. മണി**<br>**(വൈദ്യുതി വകുപ്പ മന്ത്രി)** |
|---|---|---|---|
| (എ)<br><br><br><br><br><br><br><br>(ബി) | സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ;<br><br><br><br><br><br>സംസ്ഥാനത്ത് എത്ര ശതമാനം വീട്ടുകളിലാണ് വൈദ്യുതി കണക്ഷൻ നിലവിലുള്ളത്; | (എ)<br>&<br>(ബി) | ഉണ്ട്. 31.03.2017-ന് വാസയോഗ്യമായിരുന്ന എല്ലാവീട്ടുകൾക്കും (വനം വകുപ്പ്, റവന്യൂ എന്നിവയുടെ അനുമതി ലഭിക്കാത്തവയും കോടതിയിൽ കേസുകൾ ഉള്ളതും ഒഴികെ) വൈദ്യുതി എത്തിച്ച് 29.5.2017-ന് കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>31.03.2017-നുശേഷം പുതുതായി പൂർത്തീകരിച്ച് വാസയോഗ്യമാക്കിയ വീട്ടുകളുടെ കണക്ക് കെ. എസ്. ഇ.ബി.എൽ.-ൽ ലഭ്യമല്ലാത്തതിനാൽ നിലവിൽ എത്ര ശതമാനം വീട്ടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട് എന്ന വിവരം ഇപ്പോൾ ലഭ്യമല്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനു വേണ്ടി എന്ത് തുക ചെലവഴിച്ചു; | (സി) | 2017-ൽ കേരളത്തിലെ എല്ലാ വീട്ടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടങ്ങി. സെക്ഷൻ ഓഫീസ് വഴിയും ജന പ്രതിനിധികൾ മുഖേനയും കെ എസ് ഇ ബി യുടെ കസ്റ്റമർ കെയർ സെന്റർ മുഖേനയും വൈദ്യുതി കണക്ഷനുള്ള |

അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം ഗുണഭോക്താക്കൾക്ക് നല്കിയിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ 1,51,896 പേർ രജിസ്റ്റർ ചെയ്തിരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് 174 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇതിൽ ഒരു മണ്ഡലത്തിൽ പ്രതീക്ഷിക്കുന്ന ചെലവിന്റെ 50% (പരമാവധി ഒരു കോടി രൂപ) എന്ന നിരക്കിൽ 63.82 കോടി രൂപ കെ.എസ്.ഇ.ബി വഹിക്കാനും ബാക്കിയുള്ള തുക ജന പ്രതിനിധികളുടെ ഫണ്ടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമ വകുപ്പുകളുടെയും ഫണ്ടുകൾ, സന്നദ്ധ സംഘടനകളുടെ സഹായ നിധി എന്നിവയിൽ നിന്ന് കണ്ടെത്തുവാൻ തീരുമാനിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രാഥമിക കണക്കുകൾ പ്രകാരം കണക്ഷനുവേണ്ടി രജിസ്റ്റർ ചെയ്തിരുന്നവരിൽ അറുപതു ശതമാനത്തോളം അപേക്ഷകർ സ്വന്തം വീടിന്റെ വയറിംഗ് ചെയ്യാൻ സാമ്പത്തിക ശേഷിയില്ലാത്തവരായിരുന്നു. കെ. എസ്. ഇ. ബി യിലെ വിവിധ സംഘടനകൾ, ജീവനക്കാർ, സന്നദ്ധ സംഘടനകൾ, KSPIFC, NSS പോലെയുള്ള സ്ഥാപനങ്ങൾ, മറ്റു സുമനസ്സുകൾ എന്നിവർ സൗജന്യമായി വയറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സഹായിക്കുകയുണ്ടായി. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്ത പ്രദേശങ്ങളിൽ DDG-Microgrid സംവിധാനത്തിലൂടെ വൈദ്യുതി കണക്ഷനുകൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ വിജയത്തിനായി 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ

രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവിറക്കിയിരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1,50,807 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്. ഇതിൽ 1,23,288 കണക്ഷനുകൾ ബി പി എൽ വിഭാഗത്തിൽപ്പെട്ടവരുടേതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 31,414 പേർക്കും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 17,406 പേർക്കും കണക്ഷനുകൾ നല്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 65 കി.മീ 11 കെ.വി ഓവർഹെഡ് ലൈനുകളും 40 . കി.മീ 11 കെ.വി ഭൂഗർഭകേബിളുകളും 3040 കി.മീ എൽ.റ്റി ഓവർഹെഡ് ലൈനുകളും 39 കി.മീ എൽ.റ്റി ഭൂഗർഭകേബിളുകളും 21 ട്രാൻസ് ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട് . ലഭ്യമായ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തികരിച്ചതിന് ചെലവ് ഏകദേശം 170 കോടി രൂപയാണ് .

ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത ഒറ്റപ്പെട്ട കോളനികളിൽ അനെർട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനം നടപ്പിലാക്കി. ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ 1620 വീടുകളിൽ സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. കൂടാതെ വയനാട് ജില്ലയിൽ 12 സ്ഥലത്തും പാലക്കാട് ജില്ലയിൽ 539 വീടുകളിലും സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. രണ്ട് ലൈറ്റ് യൂണിറ്റ്, ബാറ്ററി, സോളാർ മോഡ്യൂൾ, ഡി.സി. ടേബിൾ ഫാൻ, മൊബൈൽ ചാർജർ എന്നിവ അടങ്ങുന്ന സംവിധാനമാണിത്. പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ 6 കോടി 32 ലക്ഷത്തിൽപരം രൂപ ചെലവ് ചെയ്യുകയുണ്ടായി.

| | | | |
|---|---|---|---|
| (ഡി) | മുൻ സർക്കാരിന്റെ കാലയളവിൽ (2011-16) എത്ര വീടുകൾ വൈദ്യുതീകരിച്ചുവെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (ഡി) | മുൻ സർക്കാരിന്റെ (2011-16) കാലയളവിൽ 11.3 ലക്ഷം വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിനായി ഉപഭോക്താക്കൾ കണക്ഷന് വേണ്ടി നിക്ഷേപിച്ച തുക അടക്കം 386.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**